സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഒഴിവുള്ള ഡ്രൈവർ തസ്തിക

66 [2055] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഡ്രൈവർ (ഹെവി വെഹിക്കിൾസ്) തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഈ തസ്തികയിൽ എത്ര പേർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്;

(സി) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒൻപത്.

(ബി) ആരും ഇല്ല. ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് ലഭിക്കുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് താൽക്കാലിക ഡ്രൈവർമാരെ തിരഞ്ഞെടുത്ത് നിയമിച്ചാണ് അത്യാവശ്യ ചരക്കു നീക്കങ്ങൾ നടത്തുന്നത്. ചില സമയങ്ങളിൽ ചില ഡ്രൈവർമാരുടെ അവധി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചവർ ഹാജരാകാതിരിക്കൽ തുടങ്ങിയ ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ മാത്രം, ഒരു വ്യാപാര സ്ഥാപനമെന്ന നിലയിൽ ചരക്കു വണ്ടികളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ എടുക്കാറുണ്ട്.

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എട്ട് ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ട് നൽകിയിട്ടുണ്ട്. (എസ്. സി.—5, എസ്. ടി.—3) ഈ തസ്തികയിലേയ്ക്ക് 2.4.2005-ൽ എഴുത്തു പരീക്ഷ നടത്തിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

പി. എസ്. സി. വഴി നിയമിച്ച ഒരു ഡ്രൈവർ രാജി വച്ചു പോയതിനാൽ ആ ഒഴിവ് ഉടനെ തന്നെ പി. എസ്. സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

വള്ളിക്കുന്നത്ത് മണ്ണെണ്ണ ഹോംസെയിൽ ഡിപ്പോ

67 [2056] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ വള്ളിക്കുന്നത്ത് ഒരു മണ്ണെണ്ണ ഹോംസെയിൽ ഡിപ്പോ തുടങ്ങുന്നതിനായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ, വള്ളിക്കുന്നം, താമരക്കുളം പഞ്ചായത്തുകളിൽപ്പെട്ട റേഷൻ റീട്ടെയിൽ വ്യാപാരികളിൽ നിന്ന് ഒരു നിവേദനം ലഭിച്ചിരുന്നു.

(ബി) കേന്ദ്ര പെട്രോളിയവും പ്രകൃതി വാതകവും മന്ത്രാലയത്തിന്റെ അനുമതിയോടെ ബന്ധപ്പെട്ട പൊതുമേഖലാ ഓയിൽ കമ്പനികളാണ് പൊതുവിതരണത്തിന് അനുവദിക്കുന്ന മണ്ണെണ്ണ (നീല മണ്ണെണ്ണ) വിതരണത്തിനുള്ള ഡിപ്പോകൾക്ക് ഡീലർഷിപ്പ് അനുവദിക്കുന്നത്. ഡീലർഷിപ്പ് ലഭിക്കുന്നപക്ഷം വ്യാപാരത്തിനുള്ള ലൈസൻസ് ബന്ധപ്പെട്ട ജില്ലാ കളക്ടർ നൽകുകയും അതുപ്രകാരം മണ്ണെണ്ണ അലോട്ട്മെന്റ് നൽകുകയുമാണ് സിവിൽ സപ്ലൈസ് വകുപ്പ് ചെയ്യുന്നത്. ആയതിനാൽ ഡീലർഷിപ്പിനായി ബന്ധപ്പെട്ട ഓയിൽ കമ്പനിയെ സമീപിക്കാവുന്നതാണെന്ന് നിവേദകരെ അറിയിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

68 [2057] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവയും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവയും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയും എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരിൽ നിന്നും കൂടുതൽ പാവപ്പെട്ട ആളുകളെ കണ്ടെത്തി അവർക്ക് പ്രതിമാസം 35 കിലോ അരി കിലോയ്ക്ക് 3 രൂപ നിരക്കിൽ നൽകുന്നു. ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ ഇപ്പോൾ 24,561 ഗുണഭോക്താക്കളുണ്ട്.

ഇടുക്കി ജില്ലയിൽ ഭക്ഷ്യവകുപ്പ് നടത്തിവരുന്ന മറ്റൊരു പദ്ധതിയായ അന്നപൂർണ്ണ പദ്ധതിയുടെ കീഴിൽ 65 വയസിനുമേൽ പ്രായമുള്ള പാവപ്പെട്ട ആളുകൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകി വരുന്നു. ഈ പദ്ധതിയിൻകീഴിൽ ഇടുക്കി ജില്ലയിൽ ഇപ്പോൾ 1,650 ഗുണഭോക്താക്കളുണ്ട്.

ന്യായവില കടകൾ വഴി റേഷൻ കാർഡുടമകൾക്ക് അവശ്യ സാധനങ്ങൾ എത്തിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ശബരി സ്റ്റോർ എന്ന പേരിൽ റേഷൻ കടകളെ തെരഞ്ഞെടുത്ത് പ്രവർത്തിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly